# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)*** **Reg. No. ER/308/07**


**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**


**No. M/C/008/ 2017**

**Date: 04-12-2017**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

എം.ജെ.എസ്.എസ്.എ യുടെ 2017 വർഷത്തെ പ്രവർത്തനങ്ങളുടെ അന്ത്യഘട്ടത്തിൽ നാം എത്തി ചേർന്നിരിക്കുകയാണല്ലോ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ സഹായിച്ച ദൈവത്തെ നമുക്കു മഹത്വപ്പെടുത്താം. അതിനുവേണ്ടി ആത്മാർത്ഥമായി സഹകരിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

**''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ സൻമനസ്സുള്ളവർക്കു സമാധാനം.''** മാനവരാശിയുടെ രക്ഷക്കായി മനുഷ്യ ജന്മമെടുത്ത രക്ഷകന്റെ പിറവി പെരുന്നാളിൽ ലോകം മുഴുവൻ ആമോദത്താൽ തുള്ളിച്ചാടുകയാണ്. സ്വർഗ്ഗം ത്യജിച്ച് ഭൂമിയിൽ ഏറ്റവും താഴ്ന്നവനായി ജനിച്ച ക്രിസ്തുവിന്റെ മനോഭാവം നമ്മളിൽ ഉണ്ടാകുവാൻ ഈ ക്രിസ്തുമസ് നമുക്കിടയാകട്ടെ. വി.മത്തായിയുടെ സുവിശേഷം 5:16 ൽ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ". ക്രിസ്തുമസ്സ് സ്നേഹത്തിന്റെയും ലാളിത്യത്തിന്റേയും ആഘോഷമാണ്. സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഓർമ്മകളായി ഈ ആഘോഷം മാറട്ടെ. ഇന്നു ലോകത്തിൽ ധാരാളം വാൽ നക്ഷത്രങ്ങളെ കാണാം. എന്നാൽ യേശുവാകുന്ന നക്ഷത്രത്തെ പിന്തുടരുവാൻ സാധിച്ചാൽ നമുക്കും ആനന്ദം അനുഭവിക്കുവാൻ സാധിക്കും. ദൈവത്തെ തേടി നാം യാത്ര ചെയ്യുമ്പോൾ സ്വർഗ്ഗം നൽകിയ അടയാളങ്ങൾ ദർശിക്കുവാനും ആയതു പിൻതുടരുവാനും നമുക്കു കഴിയണം. പ്രയാസങ്ങളിലും പ്രതിസന്ധികളിലും വിശ്വാസം കാത്ത് സൂക്ഷിക്കുവാൻ നമുക്കു സാധിക്കണം. ഇത് ദൈവത്തെ കാണുന്നതിനുള്ള നമ്മുടെ ആഗ്രഹത്തെ സഫലമാക്കും. ഈ ക്രിസ്തുമസ് ആയതിനടയാകട്ടെ. അതോടൊപ്പം ഒരു പുതുവർഷത്തെ വരവേൽക്കുവാൻ നാം തയ്യറായി നിൽക്കുകയാണല്ലോ. യേശുക്രിസ്തു കൃപയും സത്യവും നിറഞ്ഞവനായി ഈ ലോകത്തിൽ ജീവിച്ചതുപോലെ അതു യാഥാർത്ഥ്യമാക്കുന്ന ജീവിതവുമായി നമുക്കു ഈ ക്രിസ്തുമസിനേയും പുതുവർഷത്തേയും വരവേൽക്കാം, എല്ലാ മംഗളങ്ങളും ആശംസകളും നേരുന്നു.

**1. അദ്ധ്യാപക കുടുംബസംഗമം:**

അഖില മലങ്കര സുവിശേഷ മഹായോഗത്തോടനുബന്ധിച്ച് നടത്താറുള്ള അദ്ധ്യാപക കുടുംബസംഗമം എം.ജെ. എസ്.എസ്.എ. യുടെ ആഭിമുഖ്യത്തിൽ ഈ വർഷം ഡിസംബർ 30, ശനിയാഴ്ച വൈകിട്ട് 3 മണി മുതൽ അഞ്ചു മണി വരെ പുത്തൻകുരിശ് കൺവെൻഷൻ പന്തലിൽ നടക്കുന്നതാണ്. എല്ലാ സൺഡേസ്കൂളുകളിൽ നിന്നും കുറഞ്ഞത് 10 പേർ വീതം കുടുംബ സമേതം പങ്കെടുക്കണമെന്നറിയിക്കുന്നു. ശ്രേഷ്ഠ ബാവായും സഭയിലെ മറ്റ് മെത്രാപ്പോലീത്തമാരും പങ്കെടുക്കുന്ന സംഗമത്തിൽ ഫാ.ജിബി വാഴൂർ മുഖ്യപ്രാസംഗികനായിരിക്കും. ഓരോ ഭദ്രാസനങ്ങളിൽ നിന്നും പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 25 നകം ജനറൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**2. ക്ലാസ്സ് ഒന്നു മുതൽ നാല് വരെയുള്ള അദ്ധ്യാപകർക്കുള്ള പരിശീലന ക്ലാസ്സ്**

എം.ജെ.എസ്.എസ്.എ. പാഠപുസ്കം ഒന്നു മുതൽ നാല് വരെയുള്ളവ പരിഷ്കരിക്കുകയും അവ 2018 വർഷം മുതൽ നടപ്പിലാക്കുവാനും നിശ്ചയിച്ചിട്ടുള്ളതാണ്. അതിന്റെ ഭാഗമായി പ്രസ്തുത ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി 30.12.17 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 3 മണിവരെയുള്ള സമയത്ത് ഒരു പരിശീലന ക്ലാസ്സ് എം.ജെ. എസ്.എസ്.എ. ആസ്ഥാനത്ത് വച്ച് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളതിനാൽ എല്ലാ സൺഡേസ്കൂളുകളിൽ നിന്നും അദ്ധ്യാപകർ നിർബന്ധമായും പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 ക ആയിരിക്കും. തുടർന്ന് അദ്ധ്യാപക കുടുംബസംഗമത്തിലും പങ്കെടുക്കേണ്ടതാണ്. ക്ലാസ്സ് 1 മുതൽ 4 വരെ പരിഷ്ക്കരിച്ച പുസ്തകങ്ങൾക്ക് 55/- രൂപ വിലയായിരിക്കുന്നതും, മറ്റു പുസ്തകങ്ങളുടെ വിലയിൽ മാറ്റമില്ലാത്തതുമാണ്. നിലവിൽ പാഠപുസ്തകങ്ങൾക്ക് നൽകി വരുന്ന കമ്മീഷൻ ഇനി മുതൽ ഉണ്ടായിരിക്കുന്നതല്ല.

**3. ചിത്രരചനാ മത്സരം**

ഈ വർഷത്തെ ചിത്രരചനാ മത്സരം സൺഡേസ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 1,2,3, സ്ഥാനങ്ങൾ ലഭിച്ച കുട്ടികൾക്കായി ഡിസ്ട്രിക്റ്റ് തലത്തിൽ 2018 ജനുവരി 21 ന് 2.30 ന് താഴെ പറയും പ്രകാരം നടത്തപെടണം. ഡിസ്ട്രിക്റ്റിൽ 1,2,3, സ്ഥാനങ്ങൾ ലഭിക്കുന്ന ചിത്രങ്ങൾ 2018 ജനുവരി 30-ാം തീയതിക്കു മുമ്പായി എം.ജെ.എസ്.എസ്.എ. കേന്ദ്ര ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അപ്രകാരം ലഭിക്കാത്തവ പരിഗണിക്കുന്നതല്ല.

**1. സബ് ജൂണിയേഴ്സ് :** 2009 ജനുവരി 1 നോ അതിന് ശേഷമോ ജനിച്ചവർ - കളറിംഗ് മത്സരമായിരിക്കും. ഡ്രോയിംഗ് ഷിറ്റ് നൽകും (വരയ്ക്കുന്നതിനുള്ള ക്രയോൺസ് കൊണ്ടുവരണം)

**2. ജൂണിയേഴ്സ് :** 2005 ജനുവരി 1 നോ അതിനുശേഷമോ ജനിച്ചവർ- ചിത്രരചനയ്ക്കുള്ള വിഷയം മത്സരത്തിന് മുൻപ് നൽകും. വാട്ടർ കളർ ഉപയോഗിക്കണം. വരയ്ക്കുവാനുള്ള ഷിറ്റ് നൽകും (വാട്ടർ കളറും മറ്റ് മെറ്റീരിയൽസും കൊണ്ടു വരണം.)

**3. സീനിയേഴ്സ് :** 2000 ജനുവരി 1 നോ അതിന് ശേഷമോ ജനിച്ചവർ, 2017 ൽ ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ റെഗുലർ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. ചിത്രരചനയ്ക്കുള്ള വിഷയം മത്സരത്തിന് മുൻപ് നൽകും. വാട്ടർ കളർ ഉപയോഗിക്കണം. വരയ്ക്കുവാനുള്ള ഷിറ്റ് നൽകും. (വാട്ടർ കളറും മറ്റ് മെറ്റീരിയൽസും കൊണ്ടു വരണം.)

(മറുപുറം)

സൺഡേസ്കൂളുകളിൽ നിന്നും തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ ചെറുകഥ രചനാ മത്സരവും അദ്ധ്യാപിക/അദ്ധ്യാപകർക്കായി ഉപന്യാസ എഴുത്ത് മത്സരവും അന്നേ ദിവസം 3.30 മുതൽ 4.00 വരെ ഡിസ്ട്രിക്റ്റ് തലത്തിൽ നടത്തപ്പെടുന്നു. 2017 ൽ ജെ.എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ റെഗുലർ വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന എല്ലാവരുടേയും രചനകൾ ജനുവരി 25 ന് മുമ്പായി എം.ജെ.എസ്.എസ്.എ. കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

സൺഡേസ്കൂളുകളിൽ നിന്നും ചിത്രരചന, ചെറുകഥ, ഉപന്യാസം എന്നി മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് 2017 ഡിസംബർ 30 നകം ഡിസ്ട്രിക്റ്റ് ഭാരവാഹികളെ ഹെഡ്മാസ്റ്റർമാരെ ഏൽപ്പിക്കേണ്ടതാണ്. 2018 ജനുവരി 8 നകം ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ ലിസ്റ്റ് കേന്ദ്രഓഫിസിലേയ്ക്ക് നൽകിയിരിക്കണം.

**4. ആത്മദീപം പ്രചരണ മാസാചരണം**

എം.ജെ.എസ്.എസ്.എ. യുടെ മുഖപത്രമായ ആത്മദീപം വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക. പരസ്യം, മികവുറ്റ ലേഖനങ്ങൾ, മറ്റ് രചനകൾ എന്നിവ ലഭ്യമാക്കുക എന്നിവ മുൻ നിർത്തി 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ആത്മദീപം പ്രചരണമാസങ്ങളായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കാലയളവിൽ വരിക്കാരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുന്നിനും പരസ്യം ലഭിക്കുന്നതിനും, നല്ല നല്ല രചനകൾ ലഭിക്കുന്നതിനും ആവശ്യമായ പ്രചരണങ്ങൾ സൺഡേസ്കൂൾ തലങ്ങളിൽ നടത്തണമെന്നറിയിക്കുന്നു.

**5. ക്യാമ്പ് സൈറ്റ് നിർമ്മാണം**

നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഫണ്ട് സമാഹരണം ഊർജീതമാക്കേണ്ടിയിരിക്കുന്നു. സൺഡേസ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുള്ള കൂപ്പണുകൾ എത്രയും വേഗം പൂർത്തിയാക്കുകയും നാളിതുവരെ ലഭിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഭാരവാഹികൾ എം.ജെ.എസ്.എസ്.എ യിൽ ഉടൻ അടക്കേണ്ടതുമാണ്. ഈ സംരംഭത്തിൽ എല്ലാ അദ്ധ്യാപകരും അവരവരുടെ കഴിവിനൊത്തവണ്ണം തുകകൾ നൽകി പങ്കാളികളാകണം. 10.000 ക യും അതിനുമേലും തുകകൾ നൽകുവാൻ കഴിയുന്നവർ അവ നൽകി അവരുടെ പേരുകൾ ഹോളിൽ രേഖപ്പെടുത്തുവാൻ തക്കവണ്ണം സഹകരിക്കുകയും വേണം. എല്ലാ സൺഡേസ്കൂളുകളും അപ്രകാരം ചെയ്യുവാനും തയ്യാറാകണമെന്നറിയിക്കുന്നു. പല അദ്ധ്യാപകരും ഒരു ലക്ഷം, അമ്പതിനായിരം, ഇരുപത്തയ്യായിരം, പതിനായിരം എന്നിങ്ങനെ തുകകൾ നൽകി വരുന്നത് പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

സൺഡേസ്കൂൾ, ഹെഡ്മാസ്റ്റർമാർ അവരവരുടെ സൺഡേസ്കുളുകളിൽ നിന്ന് ഇടവകകളിൽ നിന്ന് ഇത്തരത്തിൽ തുകകൾ നൽകുവാൻ കഴിയുന്നവരുടെ ലിസ്റ്റ്, അഡ്രസ്, ഫോൺ നമ്പർ സഹിതം ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാരെ ഡിസംബർ 31 നകം ഏൽപ്പിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ റാങ്ക് ഹോൾഡേഴ്സിന്റെ വിവരങ്ങളും രേഖപ്പെടുത്തി ജനറൽ സെക്രട്ടറിക്ക് എത്രയും വേഗം അയച്ചു തരേണ്ടതാണ്. ഒരു ലക്ഷം മുതൽ 10 ലക്ഷം ക വരെ തുകകൾ നൽകി മുറികൾ സ്പോൺസർ ചെയ്യാവുന്നതും അവരുടെ പേരുകളും പ്രത്യേകം മുറികളുടെ മുന്നിൽ രേഖപ്പെടുത്തി വയ്ക്കുന്നതായിരിക്കും. ക്യാമ്പ് സൈറ്റ് നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ അദ്ധ്യാപകരും കുട്ടികളും ചേർന്ന് എല്ലാ ഞായറാഴ്ചകളിലും പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്ന് അറിയിക്കുന്നു.

ഹെഡ്മാസ്റ്റർമാർ ഒരോ സൺഡേസ്കൂളിനും ലഭിച്ചിട്ടുള്ള കുപ്പണുകളുടെ കണക്കുകൾ കളക്ഷൻ പൂർത്തിയാക്കി; തുകകൾ തന്നവരുടെ പേര്, അഡ്രസ്സ് ഇവ സഹിതം (20 ക കുപ്പൺ ഒഴികെയുള്ളത്) ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാരെ 10.01.18 നകം ഏൽപ്പിക്കുകയും ഇൻസ്പെക്ടർമാർ 20.01.18 നകം ഭദ്രാസന ഡയറക്ടർമാരെയും, ഡയറക്ടർമാർ ആയത് പരിശോധിച്ച് അതതു ഭദ്രാസനങ്ങൾക്ക് ലഭിച്ചിട്ടുള്ള കുപ്പണുകൾ, കളക്റ്റു ചെയ്ത തുക എന്നിവയുടെ ലിസ്റ്റ് സഹിതം പ്രത്യേകം തയ്യറാക്കി എം.ജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറിക്കു 31.01.18 നകവും നൽകേണ്ടതാണ്. സംഭാവനകൾ നൽകുന്നവരുടെ പേരുകൾ പ്രത്യേകം പ്രസിദ്ധപ്പെടുത്തുന്നതാണ്. കണക്കുകൾ വളരെ കൃത്യമായി സൂക്ഷിക്കുകയും ചെയ്യണമെന്ന് ഓർപ്പിക്കുന്നു. ഡിസ്ട്രിക്റ്റ് ഭദ്രാസന ഭാരവാഹികൾ ബന്ധപ്പെട്ടവരുടെ യോഗങ്ങൾ അതതു തലങ്ങളിൽ വിളിച്ചു ചേർത്ത് കളക്ഷൻ കാര്യങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**6. പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ പ്രകാശനം**

എം.ജെ.എസ്.എസ്.എയുടെ നിലവിലുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ക്ലാസ്സ് ഒന്ന് മുതൽ നാലു വരെയുള്ള പുസ്തകങ്ങൾ പരിഷ്കരിച്ചിട്ടുള്ളതും ആയത് 2018 മുതൽ നടപ്പിൽ വരുത്തുന്നതുമാണ്. പരിഷ്കരിച്ചവയുടെ പ്രകാശനം അഖില മലങ്കര സുവിശേഷ മഹായോഗത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് 2017 ഡിസംബർ മാസം 26–ാം തീയതി വൈകിട്ട് ചേരുന്ന സമ്മേളനത്തിൽ വച്ച് നിർവ്വഹിക്കുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. പ്രസ്തുത ചടങ്ങിൽ എല്ലാ സൺഡേസ്കൂൾ പ്രവർത്തകരും സംബന്ധിക്കേണ്ടതുമാണെന്നറിയിക്കുന്നു.

എല്ലാ പ്രവർത്തനങ്ങളിലും ഏവരുടേയും സഹകരണങ്ങളും സഹായങ്ങളും അഭ്യർത്ഥിക്കുന്നു.

എന്ന്

സ്നേഹാദരങ്ങളോടെ,

കർത്താവിൽ എളിയ ശുശ്രൂഷകൻ



ഷെവ. എം.ജെ. മർക്കോസ്

ജനറൽ സെക്രട്ടറി (0485 2246211)

MOB. 9745046911